


## യുവജനങ്ങളെ തേടിയുള്ള
## പാപ്പാ ഫ്രാൻസിസിന്റെ പ്രഥമ അപ്പസ്തോലിക യാത്ര

ബ്രസീലിൽ അരങ്ങേറിയ 28-ാമത് ലോക യുവജനമേളയ്ക്കായി ജൂലൈ 22-ാം തിയതി റിയോ നഗരത്തിൽ എത്തിയ പാപ്പാ ഫ്രാൻസിസിന് പ്രസിഡന്റ് മിൽഡാ റൂസ്സെയും ജനങ്ങളും ചേർന്നു നല്കിയ സ്വീകരണച്ചടങ്ങിലെ പ്രഭാഷണത്തിൽനിന്ന് :

1. തരാൻ സ്വർണ്ണമോ വെള്ളിയോ ഇല്ല, എനിക്കുള്ള ക്രിസ്തുവിനെ തരുന്നു


*The son of Latin Americas amidst the joy of his own people*

പാപ്പാ സ്ഥാനത്തുനിന്നുള്ള എന്റെ പ്രഥമ അപ്പസ്തോലിക അന്തർദേശിയ യാത്ര ലാറ്റിനമേരിക്കയിലേയ്ക്ക്, വിശിഷ്യാ ബ്രസീലിലേയ്ക്ക് ആയിരിക്കണമെന്നത് ദൈവനിയോഗമായി കണക്കാക്കുന്നു. പരിശുദ്ധ സിംഹാസനത്തോടും പത്രോസിന്റെ പിൻഗാമിയോടും വിശ്വാസപരമായും

വൈകാരികമായും അത്രത്തോളം ഐക്യപ്പെട്ടിരിക്കുന്ന രാഷ്ട്രമാണിത്. ഈ വരദാനത്തിന് ദൈവത്തിനു നന്ദിപറയുന്നു.



*The Christ of Rio atop the Corcovado Hills – welcomed the youth and the Pope to the City of Wonders*

ബ്രസീലിയൻ ജനതയോട് അടുക്കണമെങ്കിൽ അവരുടെ ഹൃദയത്തെ സ്പർശിക്കണമെന്ന് എനിക്കറിയാം. നിങ്ങളുടെ ഹൃദയകവാടത്തിൽ ഞാൻ മുട്ടുകയാണ്. ഒരാഴ്ച നിങ്ങളോടൊപ്പം ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾക്കു തരാൻ എന്റെ പക്കൽ സ്വർണ്ണമോ വെള്ളിയോ ഇല്ല. എന്നാൽ എനിക്കുള്ള ഏറ്റവും വിലപിടിപ്പെട്ടത് ഞാൻ നിങ്ങൾക്കു തരുന്നു, അത് ക്രിസ്തുവാണ്. ഞാൻ അവിടുത്തെ നാമത്തിലാണ് നിങ്ങളുടെ പക്കലേയ്ക്കു വരുന്നത്. എല്ലാ ഹൃദയങ്ങളിലും കത്തിയെരിയുന്ന അവിടുത്തെ ദിവ്യസ്നേഹം ഒന്നുകൂടെ നിങ്ങളിൽ ആളിക്കത്തിക്കാനാണ് ഞാൻ വന്നത്. ക്രിസ്തുവിന്റെ സമാധാനം നിങ്ങളിൽ ഓരോരുത്തരിലും വീണ്ടും വന്നു വസിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.



*The return of the prodigal – a young addict greets the Pope*

## 2. തുറന്ന കരങ്ങളുമായുള്ള ക്രിസ്തുവിന്റെ ആശ്ലേഷം

എന്റെ സന്ദർശന ലക്ഷ്യം ബ്രസീലിന്റെയും അതിരുകൾ കടന്നുപോകുന്നതാണ്. ഞാൻ ലോക യുവജന മേളയ്ക്കെത്തിയതാണല്ലോ. ‘തുറന്ന കരങ്ങളുമായി നില്കുന്ന ക്രിസ്തു’വിന്റെ ചാരത്ത് ലോകത്തിന്റെ നാനാഭാഗത്തുനിന്നും എത്തിയിരിക്കുന്ന യുവജനങ്ങളെ കാണാനും അവരുമായി സംവദിക്കുവാനുമാണ് ഞാൻ വന്നത്. രക്ഷകനായ ക്രിസ്തുവിന്റെ ദിവ്യഹൃദയത്തിൽ സാന്ത്വനം തേടി എത്തിയവരാണ് അവർ.



*< Passionately with the Church and the Pope*



*The 4 kms long Copacabana beach – the main venue of the WYD*

“നിങ്ങൾ ലോകമെങ്ങും പോയി സകലരെയും ശിഷ്യപ്പെടുത്തുവിൻ,” എന്ന രക്ഷകനായ ക്രിസ്തുവിന്റെ വ്യക്തവും ശക്തവുമായ ദിവ്യസ്വരം ശ്രവിക്കാൻ എത്തിയതാണവർ. ഇവിടെ എത്തിയിരിക്കുന്ന യുവജനങ്ങൾ ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിൽ നിന്നുള്ളവരാണ്. അവർ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നു. വിവിധ സംസ്ക്കാരങ്ങളിൽ നിന്നുള്ളവരാണ്. അവരുടെ ശ്രേഷ്ഠവും പൊതുവുമായ എല്ലാ ആശകൾക്കും ആഗ്രഹങ്ങൾക്കും ക്രിസ്തുവാണ് ഉത്തരം. സത്യത്തിനായുള്ള ഈ ദാഹവും ആത്മാർത്ഥമായ സ്നേഹവുമാണ് വൈവിധ്യങ്ങൾക്കപ്പുറം അവരെ ഒന്നിപ്പിക്കുന്നത്.



*Three million strong youth gathered in Copacabana for a week long faith celebration  23-28th July*

യുവജനങ്ങളുടെ ഹൃദയത്തിൽ തിങ്ങുന്ന ക്രിസ്തു-സ്നേഹത്തിന്റെ ഊർജ്ജം അതിതീക്ഷ്ണമാകയാൽ അവർ അവിടുത്തെ ദിവ്യഹൃദയത്തിൽ വസിക്കുന്നു. അങ്ങനെ യുവജനങ്ങളിൽ ആത്മവിശ്വാസം കാണ്ടെത്തുന്ന ക്രിസ്തുവാണ് ‘ലോകമെങ്ങും പോയി സകലരെയും ശിഷ്യപ്പെടുത്തുവിൻ’ എന്ന തന്റെ ദൗത്യത്തിന്റെ പ്രയോക്താക്കളായി യുവജനങ്ങളെ പറഞ്ഞയക്കുന്നത്. മാനുഷികമായ പരിമിതികൾക്കപ്പുറം സഹോദര്യത്തിന്റെ ലോകം വളർത്താൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. യുവജനങ്ങൾക്ക് ക്രിസ്തുവിൽ ആത്മവിശ്വാസമുണ്ട്. അവിടുത്തേയ്ക്കുവേണ്ടി ജീവൻ സമർപ്പിക്കാനും അവർ സന്നദ്ധരാണ്. കാരണം ഒരിക്കലും ക്രിസ്തു തങ്ങളെ നിരാശരാക്കില്ലെന്ന് അവർക്കറിയാം. എന്റെ സന്ദർശനത്തിൽ  പലവട്ടം ഞാൻ യുവജനങ്ങളെ അഭിസംബോധനചെയ്യുമ്പോൾ, ഈ പുതിയ തലമുറ ഭാഗമായിരിക്കുന്ന കുടുംബങ്ങളുമായും, അവരുടെ പ്രാദേശിക ദേശീയ സഭകളുമായും സമൂഹങ്ങളുമായും സംവദിക്കുകയാണെന്ന് എനിക്കറിയാം.

### 3. 'കണ്ണിലുണ്ണി'യായ് കുഞ്ഞുങ്ങൾ ഭാവിയുടെ ജാലകങ്ങൾ



Pope – the protagonist of life and love

'കുട്ടികൾ തങ്ങളുടെ കണ്ണിലുണ്ണികളാണ്' എന്നു മാതാപിതാക്കൾ പറയുന്നത് ഇവിടെ സാധാരണമാണ്. ബ്രസീലിയൻ സംസ്കൃതിയുടെ സുന്ദരമായ പ്രയോഗമാണിത്. കാരണം, അറിവിന്റെ പ്രകാശം വ്യക്തിയിലെത്തിക്കുന്ന മനസ്സിന്റെ കവാടമാണ് കണ്ണ്, ആ കണ്ണിന്റെ കേന്ദ്രമാണ് മക്കളെന്ന ആശയം അർത്ഥവത്തും സുന്ദരവുമാണ്. കണ്ണില്ലെങ്കിലുള്ള മനുഷ്യന്റെ അവസ്ഥയൊന്ന് ഓർത്തു നോക്കൂ.
നമുക്കെങ്ങിനെ മുന്നോട്ടു പോകാനാവും. ഈ ചിന്തോദ്ദീപകമായ ചോദ്യം ഈ ദിവസങ്ങളിൽ നമ്മോടോരോരുത്തരോടും ചോദിക്കേണ്ടതാണ്. യുവജനങ്ങളില്ലാതെ ഈ തലമുറ എങ്ങനെ മുന്നോട്ടുനീങ്ങും?
നമ്മെ വെല്ലുവിളിക്കുന്ന ഭാവിയുടെ ജാലകങ്ങളാണ് ഇന്നത്തെ യുവജനങ്ങൾ. യുവതയുടെ വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കപ്പെടണമെങ്കിൽ ഈ തലമുറ അവരെ ഉൾക്കൊള്ളണം, അവരുടെ സമ്പൂർണ്ണ വികസനത്തിനാവശ്യമായ ആത്മീയവും ഭൗതികവുമായ സൗകര്യങ്ങൾ ഒരുക്കണം.

അവരുടെ ജീവിതങ്ങൾ പടുത്തുയർത്താനുള്ള അടിത്തറ പാകണം, അവരുടെ വളർച്ചയ്ക്കാവശ്യമായ വിദ്യാഭ്യാസവും സുരക്ഷയും എങ്ങനെയും ഉറപ്പുവരുത്തണം, അവരുടെ ജീവിതങ്ങളെ അർത്ഥസമ്പുഷ്ടമാക്കുന്ന മൂല്യങ്ങൾ കാണിച്ചുകൊടുക്കണം, നന്മയുടെ ക്രിയാത്മകതയ്ക്കും യഥാർത്ഥമായ സന്തോഷത്തിനുമുള്ള അവരുടെ ദാഹം ശമിപ്പിക്കുന്ന അതീന്ദ്രിയതയുടെ ചക്രവാളം തുറക്കണം. ജീവൽസംസ്ക്കാരം പ്രഘോഷിക്കുന്നൊരു ലോകത്തിന്റെ പൈതൃകം അവർക്ക് കൈമാറണം, ഭാവി ഭാഗധേയത്തിന്റെ പ്രയോക്താക്കളാകാനുള്ള അവരുടെ ഉൾക്കരുത്ത് വളരാൻ അനുവദിക്കണം, മാനവികതയുടെ ഭാവി വളർച്ച അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വമാണെന്നും അവർക്ക് മനസ്സിലാക്കിക്കൊടുക്കണം.




The three million strong catholic youth - and their 40, 000 volunteers in Rio



*Main venue of Copacabana where Pope Francis prayed, preached and celebrated with the world youth*

### 4. ലാറ്റിനമേരിക്കൻ ജനതയ്ക്കൊരു സാന്ത്വന സാമീപ്യം

പരസ്പരം സൗഹൃദം പുലർത്താനും, സഹാനുഭാവത്തോടെ
സ്നേഹ സംവാദത്തിൽ ഏർപ്പെടാനും ഏവരെയും ഞാൻ ക്ഷണിക്കുന്നു.
ബ്രസീലിനെ മുഴുവനും അതിന്റെ മാനുഷികവും സാംസ്ക്കാരികവും,
മതാത്മകവുമായ സമ്പന്നതയിലും സങ്കീർണ്ണതയിലും പാപ്പായുടെ

'വിരിച്ച കരങ്ങളാൽ' ആശ്ലേഷിക്കുന്നു. ആമസോൺ താഴ്വാരം മുതൽ പാമ്പാസ് മലയോരംവരെയ്ക്കും, ഉഷ്ണമേഖല പ്രദേശം മുതൽ തണുപ്പുള്ള പന്തനാൾ പ്രവിശ്യവരെയ്ക്കും, കുഗ്രാമങ്ങൾ മുതൽ അത്ഭുത നഗരങ്ങൾവരെയ്ക്കും, ആരെയും ഒഴിവാക്കാതെ, ഏവരെയും പാപ്പാ ഹാർദ്ദമായി ആശ്ലേഷിക്കട്ടെ. നിങ്ങളെ എല്ലാവരെയും ബ്രസീലിന്റെ മദ്ധ്യസ്ഥയായ അപ്പരിസീദായിലെ കന്യാകാനാഥയ്ക്കു സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ എല്ലാ കുടുംബങ്ങളെയും സമൂഹങ്ങളെയും ഞാൻ അമ്മയുടെ മാതൃസംരക്ഷണയിൽ സമർപ്പിക്കുന്നു. ഏവരെയും ഞാൻ ആശിർവ്വദിക്കട്ടെ.
ബ്രസീൽ നല്കിയ ഹൃദ്യമായ വരവേല്പിനു പ്രസിഡന്റിനും ജനപ്രതിനിധികൾക്കും ജനങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് പാപ്പാ ഫ്രാൻസിസ് തന്റെ പ്രഭാഷണം ഉപസംഹരിച്ചു.







*Gustavo Hunguenin the young graphic artist of WYD Emblem*
with the President of the Organizing Committee and Metropolitan of the Archdioce of Rio de Janeiro, Orani Tempesta. Gustavo incorported 'the land of the Cross', with the Christ of Rio and the Samaban culture into a large heart that welcomed the youth of the World. The lower Atlantic Blue counter balanced by the green Brazilian Hills also suggest the National Flag.

അടിവര

മേളയുടെ പിന്നാമ്പുറം




I love the Pope and the WYD



> Daring on wheel chair to the WYD from USA



Pope unperturbed, but not Msgr. Marini during a heavy rain!



Can't reach you... not customary to kiss !



Pope at the confessional



Listening to the slum dwellers

Cardinal Dolan of New York
in a catechetical session of Wyd >



# പതിവുകൾ തെറ്റിക്കുന്ന പാപ്പാ



*Used an ordinary non-AC utility car in Rio*



*Ready to embark Boeing A330 Al'Italia*



*I love Maradona,  Messi and Ronaldino.…*



*Being with youth in the confessional*



*Pope says, say cheese and smile… posing for a shot*



*Thank you for the safe and good flight*
*Back home in Rome>*



Yes, together we can renew the Church



*Comfortable with Fr. Lombardi, not with journalists… on board*



*With a prisoner who is a minor in Rio*



*With Alberto Gazbari, the organizer of Papal journies*



*Back to square one – from where it all began*
*At the Maternal feet of Mary -Mary Maggiore Rome*
*Offering the world of youth symbolically to Mother Mary*
*The ball is a gift from a poor boy to the Pope>*


*www.radiovatican.org* email : *malayalam@vatiradio.va*